# <u>റിപ്പോർട്ട്</u>

## <u>ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2023</u>

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രാജ്യാന്തര വ്യാപാര മേള (IITF 2023) യിൽ കേരള സംസ്ഥാന ബാംബൂ മിഷൻ കേരള പവിലിയനിലെ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. IITF 2023ൽ ശ്രദ്ധേയ സാന്നിധ്യം അറിയിച്ച കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ നിന്നുമാണ് കേരള സംസ്ഥാന ബാംബൂ മിഷൻ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. കേരളത്തിലെ മുള കരകൗശല കലാകാരന്മാർ അണിനിരന്ന സ്റ്റാളുകൾ ഉത്പ്പന്ന വൈവിധ്യം കൊണ്ടും സന്ദർശക ബാഹുല്യം കൊണ്ടും ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. പാലക്കാട്, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുമായി 6 മുള കരകൗശല കലാകാരന്മാരാണ് കേരളത്തെ പ്രതിനിധീകരിച്ച് രാജ്യാന്തര വ്യാപാരമേളയിൽ പങ്കെടുത്തത്.





ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിന്റെ (ഐഐടിഎഫ്) 42◌ാമത് എഡിഷനാണ് ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് 2023 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ചത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പാർട്ണർ സ്റ്റേറ്റായാണ് കേരളം ഇത്തവണ മേളയിൽ പങ്കെടുത്തത്. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ.വി.വേണു ഐ.എ.എസ് ആയിരുന്നു നവംബർ 14 ന് കേരള പവിലിയൻ ഉദ്ഘാടനം നിർവഹിച്ചത്. കേരള സംസ്ഥാന ബാംബൂ മിഷന്റേതുൾപ്പെടെ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്റ്റാളുകൾ ക്രമീകരിച്ചിരുന്നു.








‘വസുധൈവ കുടുംബകം  യുണൈറ്റഡ് ബൈ ട്രേഡ്’ എന്ന തീമിലാണ് കേരളം പവിലിയൻ ഒരുക്കിയിരുന്നത്. പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിലെ ദൃശ്യങ്ങൾ. 624 ചതുരശ്രയടിയിൽ 44 സ്റ്റാളുകളാണ് പവിലിയനിൽ സജ്ജീകരിച്ചത്. ഇതിൽ 10 തീം സ്റ്റാളുകളും 34 വാണിജ്യ സ്റ്റാളുകളുമുണ്ട്. ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മേളയ്ക്ക് പാരീസിലെ യൂണിയൻ ഫെയർ ദെ ഇന്റർനാഷണലിന്റെ അംഗീകാരമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വ്യാപാരമേളകളിൽ ഒന്നായാണ് IITF പരിഗണിക്കപ്പെടുന്നത്.